**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664** **02-02-2023 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ക്രമാതീതമായ വിലവർദ്ധനവുമൂലവും നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ക്രമാതീതമായ വിലവർദ്ധനവു മൂലവും നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലാണെന്ന കാര്യം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷേ കോവിഡ് മൂലവും ആഗോള മാന്ദ്യം മൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ ഇരുമ്പയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിങ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിങ് ഉൽപ്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മാന്ദ്യവും സാമ്പത്തിക പ്രതിസന്ധിയും കാരണം പൂർത്തീകരിച്ച പ്രൊജക്ടുകൾക്കും കൊമേഴ്സ്യൽ സ്പെയിസിനും ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖലയെ ബാധിച്ചിട്ടുണ്ട്.<br><br>കേന്ദ്ര നയങ്ങൾ മൂലമുണ്ടാവുന്ന വിലവർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും കൃത്രിമ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ക്രമാതീതമായ വിലവർദ്ധനവു മൂലവും നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലാണെന്ന കാര്യം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷേ കോവിഡ് മൂലവും ആഗോള മാന്ദ്യം മൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ ഇരുമ്പയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിങ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിങ് |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മാന്ദ്യവും സാമ്പത്തിക പ്രതിസന്ധിയും കാരണം പൂർത്തീകരിച്ച പ്രൊജക്ടുകൾക്കും കൊമേഴ്സ്യൽ സ്പെയിസിനും ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖലയെ ബാധിച്ചിട്ടുണ്ട്.<br><br>കേന്ദ്ര നയങ്ങൾ മൂലമുണ്ടാവുന്ന വിലവർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ